# കേരള നിയമസഭ
# 21.01.2014–ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
2014 ജനുവരി 21, ചൊവ്വ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ– 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |

## കന്നുകാലി സംരക്ഷണം

*121 ശ്രീ. വി. ചെന്താമരാക്ഷൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കന്നുകാലി സംരക്ഷണത്തിന് എന്തെല്ലാം പരിപാടികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നത്;

(ബി) കന്നുകാലികളിലെ കുളമ്പുരോഗം വ്യാപകമായിരുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) കന്നുകാലികളിലെ കുളമ്പുരോഗത്തെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ഡി) കുളമ്പുരോഗം ബാധിച്ച് കന്നുകാലികൾ നഷ്ടപ്പെട്ട കർഷകർക്ക് ആശ്വാസം നൽകുന്നതിന് എന്തെങ്കിലും ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**കേരള നിയമസഭ**
**21.01.2014–ലെ മറുപടിക്ക്**

(ഇ) രോഗപ്രതിരോധ കുത്തിവെയ്പ് നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

<u>എക്സൈസിന്റെ സെക്യൂരിറ്റി ഹോളോഗ്രാം ലേബൽ നിർമ്മാണം</u>

*122 ശ്രീ. എ. എം. ആരിഫ്
,, ബി. സത്യൻ
,, ബാബു എം. പാലിശ്ശേരി
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസിന്റെ സെക്യൂരിറ്റി ഹോളോഗ്രാം ലേബൽ നിർമ്മാണം സി–ഡിറ്റ് നടത്തിവരുന്നുണ്ടോ;

(ബി) ഏതു സാങ്കേതികവിദ്യ ഉപയോഗിച്ചാണ് സി–ഡിറ്റ് ലേബൽ നിർമ്മാണം നടത്തിവരുന്നത്;

(സി) സി–ഡിറ്റിൽ ഇത്തരത്തിലുള്ള സാങ്കേതികവിദ്യകൾ ഉള്ളപ്പോൾത്തന്നെ ലേബൽ നിർമ്മാണത്തിന് സ്വകാര്യകമ്പനികളുടെ താത്പര്യപത്രം ക്ഷണിച്ചിട്ടുണ്ടോ; ഇതിനുള്ള കാരണങ്ങൾ വിശദമാക്കുമോ;

(ഡി) ലേബൽ നിർമ്മാണം ഒഴിവാകുന്നതിലൂടെ സി–ഡിറ്റിന്റെ വരുമാനത്തിൽ വൻ ഇടിവുണ്ടാകുമോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

<u>പാലിന്റെ ആവശ്യവും ലഭ്യതയും</u>

*123 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, കെ. വി. വിജയദാസ്
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഇപ്പോൾ പാൽക്ഷാമം നേരിടുന്നുണ്ടോ; സംസ്ഥാനത്ത് പാലിന്റെ പ്രതിദിന ആവശ്യവും ലഭ്യതയും സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പാൽക്ഷാമം നേരിടുന്നുണ്ടെങ്കിൽ അതിന്റെ പ്രധാന കാരണങ്ങൾ വിശദമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ പാൽ ഉല്പാദന ലക്ഷ്യവും നേട്ടവും സംബന്ധിച്ച് വിശദമാക്കാമോ;

(ഡി) കുളമ്പുരോഗം മൂലം സംസ്ഥാനത്ത് ഇതുവരെ ചത്തൊടുങ്ങിയ കന്നുകാലികളുടെ വിശദാംശം ക്ഷീരവികസനവകുപ്പിൽ ലഭ്യമാണോ; കുളമ്പുരോഗം പാൽ ഉല്പാദനത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

<u>വയനാട് കാർഷിക പാക്കേജ്</u>

*124 ശ്രീ. കെ. കുഞ്ഞമ്മദ് മാസ്റ്റർ
,, കോടിയേരി ബാലകൃഷ്ണൻ
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധി പരിഹരിക്കുന്നതിനായി പ്രഖ്യാപിച്ചിരുന്ന വയനാട് പാക്കേജിന്റെ മുഖ്യഘടകങ്ങൾ എന്തെല്ലാമായിരുന്നു;

(ബി) പ്രസ്തുത ഘടകങ്ങൾ നിർവ്വഹണപഥത്തിൽ എത്തിക്കുന്നതിന് ഏതെല്ലാം ഏജൻസികളെയാണ് ഏല്പിച്ചിരുന്നത്;

(സി) പാക്കേജിന്റെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) പാക്കേജ് നടപ്പാക്കുന്നതിനായി എന്ത് തുക നീക്കിവെച്ചിരുന്നു; നാളിതുവരെ എന്ത് തുക ചെലവഴിക്കപ്പെട്ടു; വിശദമാക്കുമോ ?

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

ചട്ടവിരുദ്ധ കെട്ടിട നിർമ്മാണം

*125 ശ്രീ. പി.കെ. ഗുരുരുദാസൻ
,, പി. ശ്രീരാമകൃഷ്ണൻ
,, റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചട്ടവിരുദ്ധമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ നിയമാനുസൃതമാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) അനധികൃത കെട്ടിടനിർമ്മാണങ്ങൾ നിയമാനുസൃതമാക്കാനുള്ള തീരുമാനം കോടതിവിധികളുടെ ലംഘനമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിൽ ഒരു തീരുമാനം കൈക്കൊളളാൻ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയാണ്; മുഖ്യഘടകം സംബന്ധിച്ചുയർന്നുവന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത തീരുമാനം അവിടെ വസിക്കുന്നവരുടെ സുരക്ഷയെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
# 21.01.2014–ലെ മറുപടിക്ക്

<u>ഹോർട്ടികോർപ്പ് മുഖേനയുള്ള പച്ചക്കറി സംഭരണവും വിപണനവും</u>

*126 ശ്രീ. വി. ശിവൻകുട്ടി
,, ആർ. രാജേഷ്
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി വിപണിയിൽ ഹോർട്ടികോർപ്പിന്റെ പങ്കെന്താണ്:

(ബി) ഹോർട്ടികോർപ്പ്, വിപണനത്തിനുള്ള പച്ചക്കറി സംഭരിക്കുന്നത് എങ്ങനെയാണ്;

(സി) കർഷകരിൽ നിന്നും നേരിട്ട് പച്ചക്കറി സംഭരിക്കുന്നതിൽ നിന്നും ഹോർട്ടികോർപ്പ് ഒഴിവാകാറുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) പച്ചക്കറി വിപണിയെ ഇടനിലക്കാരുടെ സ്വാധീനത്തിൽ നിന്നും മുക്തമാക്കാൻ ഹോർട്ടികോർപ്പ് നടത്തിയിട്ടുള്ള ഇടപെടലുകൾ എന്തൊക്കെയാണെന്നറിയിക്കാമോ?

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

<u>ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

*127 ശ്രീ. ഐ.സി. ബാലകൃഷ്ണൻ
,, സണ്ണി ജോസഫ്
,, എം.പി. വിൻസെന്റ്
,, എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം എന്തെല്ലാം ഭൗതിക–സാമ്പത്തിക നേട്ടങ്ങളാണ് ഇക്കാലയളവിൽ കൈവരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലെ സ്ത്രീ തൊഴിലാളികൾക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളും ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) കഴിഞ്ഞ സർക്കാരിനെ അപേക്ഷിച്ച് ഇക്കാലയളവിൽ പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

**കേരള നിയമസഭ**
**21.01.2014–ലെ മറുപടിക്ക്**

<u>സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ</u>

*128 ശ്രീ. വി. ഡി. സതീശൻ
,, വി. റ്റി. ബൽറാം
,, എ. പി. അബ്ദുള്ളക്കുട്ടി
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി സ്കൂളുകളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണ് ;

(ഡി) പദ്ധതി നടപ്പാക്കുന്നതിനുള്ള ധനസമാഹരണം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

<u>കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ഭേദഗതി</u>

*129 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, സി. കെ. നാണു
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വരുത്തിയ ഭേദഗതികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ഭേദഗതികളിലൂടെ അനധികൃത നിർമ്മാണങ്ങൾ സാധൂകരിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതൊക്കെ നിർമ്മാണങ്ങൾക്കൊക്കെയെന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് അനധികൃത നിർമ്മാണങ്ങൾ ഇപ്പോഴും തുടരുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

<u>കുളമ്പുരോഗം തടയുന്നതിനു നടപടി</u>

*130 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പടർന്നുപിടിക്കുന്ന കുളമ്പുരോഗം തടയാൻ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള എല്ലാ ചെക്ക്പോസ്റ്റുകളിലും ഡോക്ടർമാരും ആധുനിക പരിശോധനാ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ അയൽ സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന രോഗബാധിതരായ കന്നുകാലികളെ കണ്ടെത്തി തിരിച്ചയയ്ക്കാൻ എന്ത് സംവിധാനമാണ് സർക്കാർ സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 21.01.2014–ലെ മറുപടിക്ക്

<u>പാഴാകുന്ന പഴവർഗ്ഗങ്ങളെ ഉപയോഗപ്പെടുത്താൻ നടപടി</u>

*131 ശ്രീ. പി. റ്റി. എ. റഹീം
,, ബി. ഡി. ദേവസ്സി
,, പുരുഷൻ കടലുണ്ടി
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ചക്ക ഉൾപ്പെടെ ഏതെല്ലാം പഴങ്ങൾ ഉപയോഗിക്കപ്പെടാതെ വൻതോതിൽ പാഴാകുന്നുണ്ടെന്ന് കൃഷി വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള പഴവർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് തൊഴിൽ ഉറപ്പാക്കുന്നതും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതുമായ പദ്ധതികൾ നടപ്പാക്കാൻ തയ്യാറാകുമോ?

(സി) ഇതിനായി ഉല്പാദന വികസന കേന്ദ്രങ്ങൾ സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന പഴവർഗ്ഗങ്ങളിൽ ശരാശരി എത്ര ശതമാനം വിനിയോഗിക്കപ്പെടാതെ പാഴായിപ്പോകുന്നുണ്ടെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

കൃഷിഫാമുകളിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

*132 ശ്രീ. പി. ഉബൈദുള്ള
,, എൻ. എ. നെല്ലിക്കുന്ന്
,, കെ. മുഹമ്മദുണ്ണി ഹാജി
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ കൃഷിത്തോട്ടത്തിലെ കൃഷി മന്ത്രിയുടെ സന്ദർശനത്തിലൂടെ വെളിവായ പ്രശ്നങ്ങൾ വിശദമാക്കുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പിന്റെ കീഴിലെ മറ്റു ഫാമുകളും സന്ദർശിക്കുന്നതിനും പ്രശ്നങ്ങൾ പഠിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ സന്ദർശനങ്ങളിൽ നിന്നുള്ള അനുഭവങ്ങളുടെ വെളിച്ചത്തിൽ സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ ഗുണപരമായ പരിവർത്തനം ഉണ്ടാക്കാനുതകുന്ന നടപടികൾ സ്വീകരിക്കുമോ; ആയതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 21.01.2014–ലെ മറുപടിക്ക്

<u>ഹോർട്ടികോർപ്പറേഷന്റെ ഇടപാടുകളിലെ ക്രമക്കേടുകൾ</u>

*133 ശ്രീ. ആർ. രാജേഷ്
,, എ. പ്രദീപ്കുമാർ
,, വി. ശിവൻകുട്ടി
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പറേഷന്റെ ഇടപാടുകളിലെ ക്രമക്കേടുകൾ സംബന്ധിച്ച് ഉയർന്നുവന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കർഷകരിൽ നിന്നും നേരിട്ട് പച്ചക്കറികൾ വാങ്ങി കുറഞ്ഞ വിലയ്ക്ക് ജനങ്ങൾക്ക് എത്തിക്കുക എന്ന ലക്ഷ്യം മറന്നുകൊണ്ട് കോർപ്പറേഷൻ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇടനിലക്കാരിൽ നിന്നും മൊത്തക്കച്ചവടക്കാരിൽ നിന്നും പച്ചക്കറി വാങ്ങുന്നതും അതിൽ തട്ടിപ്പ് നടക്കുന്നതുമായി പുറത്തുവന്ന ആക്ഷേപങ്ങളെക്കുറിച്ച് പരിശോധിക്കുകയുണ്ടായോ;

(ഡി) വിപണി വിലയേക്കാൾ കൂടിയ വിലയ്ക്ക് പച്ചക്കറികൾ വില്ക്കേണ്ടി വന്ന സാഹചര്യം എന്തായിരുന്നു; വിശദമാക്കാമോ;

(ഇ) ഉദ്ദേശ്യലക്ഷ്യത്തിൽ നിന്നും അകന്ന് ക്രമക്കേടുകളോടെ പ്രവർത്തിച്ച ആർക്കെങ്കിലും എതിരെ നടപടി സ്വീകരിക്കുകയുണ്ടായോ; വിശദമാക്കുമോ?

**കേരള നിയമസഭ**
**21.01.2014–ലെ മറുപടിക്ക്**

<u>തെരുവ് നായ്ക്കളുടെ ഭീഷണി</u>

*134 ശ്രീ. വി. എസ്. സുനിൽ കുമാർ
,, വി. ശശി
,, ചിറ്റയം ഗോപകുമാർ
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ എണ്ണം വർദ്ധിച്ചു വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തെരുവ് നായ്ക്കളുടെ ഭീഷണിയിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) തെരുവ് നായ്ക്കളുടെ ആക്രമണത്തിന് വിധേയരാകുന്നവരുടെ ചികിത്സാ ചെലവ് ഗവൺമെന്റോ തദ്ദേശ സ്ഥാപനങ്ങളോ ഏറ്റെടുക്കണമെന്ന ആവശ്യത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

<u>നഗരവികസന പദ്ധതി</u>

*135 ശ്രീ. കെ. അച്ചുതൻ
,, വി. ഡി. സതീശൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന നഗര വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് പ്രസ്തുത പദ്ധതി നടത്തിപ്പിനായി പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 21.01.2014-ലെ മറുപടിക്ക്

<u>പഴക്കംചെന്ന ബഹുനില കെട്ടിടങ്ങളുടെ കാലാകാലങ്ങളിലെ സുരക്ഷാ പരിശോധന</u>

*136 ശ്രീ. സി. മോയിൻകുട്ടി
,, കെ. എൻ. എ. ഖാദർ
,, കെ. എം. ഷാജി
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിലും മുൻസിപ്പാലിറ്റികളിലുമുള്ള പഴക്കംചെന്ന ബഹുനിലകെട്ടിടങ്ങളുടെ കാലാകാലങ്ങളിലെ സുരക്ഷാ പരിശോധനയ്ക്ക് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പഴക്കമുള്ള ബഹുനിലമന്ദിരങ്ങൾ തകർന്ന് നിരവധി ജീവനുകൾ നഷ്ടപ്പെടുന്ന സാഹചര്യത്തിൽ സുരക്ഷാ പരിശോധനയ്ക്കായി ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ ;

(സി) ബഹുനില ഫ്ളാറ്റുകളിലെ നിലകളുടെ പരമാവധി എണ്ണത്തിലും സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നകാര്യത്തിലും കർശന നിബന്ധനകൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

<u>'ഷീ ടാക്സി' പദ്ധതി</u>

*137 ശ്രീ. ഷാഫി പറമ്പിൽ
,, അൻവർ സാദത്ത്
,, പി. എ. മാധവൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഷീ ടാക്സി' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) സ്ത്രീകളുടെ സുരക്ഷിത യാത്രയ്ക്ക് അവസരമൊരുക്കുന്നതിനും താല്പര്യമുള്ള സ്ത്രീകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുവാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി ഘട്ടംഘട്ടമായി സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>നിരോധിക്കപ്പെട്ട കളനാശിനികൾ</u>

*138 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, പി. തിലോത്തമൻ
,, ജി. എസ്. ജയലാൽ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന കളനാശിനികൾ ഏതെല്ലാം; ഇവയിൽ ആരോഗ്യത്തിന് ഹാനികരമായ കളനാശിനികളുണ്ടോ; എങ്കിൽ അവ ഏതെല്ലാം;

(ബി) എൻഡോസൾഫാനോടൊപ്പം സംസ്ഥാനത്ത് നിരോധിച്ച കളനാശിനികളുണ്ടോ; എങ്കിൽ അവ ഏതെല്ലാം;

(സി) ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്ന കളനാശിനികൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

<u>തലസ്ഥാന നഗരിയിലെ മാലിന്യപ്രശ്നം</u>

*139 ശ്രീ. ബാബു എം. പാലിശ്ശേരി
,, കെ. സുരേഷ് കുറുപ്പ്
,, കെ. കെ. ജയചന്ദ്രൻ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തലസ്ഥാന നഗരിയിലെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുളളതെന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ നടപ്പാക്കപ്പെട്ടിട്ടുണ്ടെന്നറിയിക്കാമോ;

(സി) മാലിന്യപ്രശ്നത്തിന് ശാശ്വത പരിഹാരത്തിനായി എന്ത് തുടർനടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ;

(ഡി) പ്രഖ്യാപിക്കപ്പെടുന്ന പദ്ധതികളും പരിപാടികളും നടപ്പാക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ശിശുസംരക്ഷണ പരിപാടി</u>

*140 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
'' ലൂഡി ലൂയിസ്
'' വി. പി. സജീന്ദ്രൻ
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശിശുസംരക്ഷണ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കുട്ടികൾക്കെതിരെയുള്ള ശാരീരിക-ലൈംഗിക അതിക്രമങ്ങൾ തടയാൻ എന്തെല്ലാം കാര്യങ്ങളാണ് പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

കാര്‍ഷികവിള ഇന്‍ഷ്വറന്‍സ് പദ്ധതി

*141 ശ്രീ. ഡൊമിനിക് പ്രസന്റേഷന്‍
,, അന്‍വര്‍ സാദത്ത്
,, എ. റ്റി. ജോര്‍ജ്
,, ഷാഫി പറമ്പില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കാര്‍ഷികവിള ഇന്‍ഷ്വറന്‍സ് പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ; എങ്കില്‍ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ;

(സി) ഏതെല്ലാം ഇന്‍ഷ്വറന്‍സ് കമ്പനികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്;

(ഡി) ഇന്‍ഷ്വറന്‍സ് പ്രീമിയം സംബന്ധിച്ച വ്യവസ്ഥകള്‍ എന്തെല്ലാമാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

ശ്രേഷ്ഠഭാഷാ ദിനാഘോഷം

*142 ശ്രീ. ബെന്നി ബെഹനാൻ
,, ആർ. സെൽവരാജ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശ്രേഷ്ഠഭാഷാ ദിനാഘോഷം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ദിനാഘോഷത്തിന്റെ ഭാഗമായി സാംസ്ക്കാരിക സ്ഥാപനങ്ങളിൽ എന്തെല്ലാം ആഘോഷപരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിച്ചതിന് ശേഷം എന്തെല്ലാം തുടർപദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>'കേര സമൃദ്ധി' പദ്ധതി</u>

*143 ശ്രീ. ഹൈബി ഈഡൻ
,, വർക്കല കഹാർ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'കേരസമൃദ്ധി' എന്ന പദ്ധതി പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) നാളികേര വികസനത്തിനും കേരസുഭിക്ഷയ്ക്കും എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>വാര്‍ദ്ധക്യ പെന്‍ഷന്‍</u>

*T.144 ശ്രീ. കെ.എന്‍.എ. ഖാദര്‍
,, എന്‍. ഷംസുദ്ദീന്‍
,, സി. മോയിന്‍കുട്ടി
,, വി.എം. ഉമ്മര്‍ മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വാര്‍ദ്ധക്യത്തില്‍ ഓരോ വ്യക്തിക്കും ഏതെങ്കിലും ഒരു പെന്‍ഷന്‍ ലഭ്യമായിരിക്കണമെന്ന തത്ത്വം സര്‍ക്കാര്‍ അംഗീകരിച്ചിട്ടുണ്ടോ; എങ്കില്‍ അത് പൂര്‍ണ്ണമായി നടപ്പാക്കാനായിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദവിവരം നല്‍കാമോ;

(ബി) പെന്‍ഷന്റെ കുറഞ്ഞ നിരക്ക് നിശ്ചയിച്ചതിന്റെ മാനദണ്ഡമെന്താണെന്നും, അതിന് ജീവിതനിലവാര സൂചികയുമായി ബന്ധമുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) എല്ലാ പെന്‍ഷനുകളും ജീവിതനിലവാര സൂചികയുമായി ബന്ധപ്പെടുത്തുന്നതിനും സര്‍ക്കാര്‍ ജീവനക്കാരുടെ ഡി.എ. വര്‍ദ്ധനയുമായി ബന്ധപ്പെടുത്തി പെന്‍ഷനുകള്‍ പരിഷ്കരിച്ച് നല്‍കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

നഗരങ്ങളിലെ വാഹനത്തിരക്ക് നിയന്ത്രിക്കുന്നതിന് നടപടി

*145 ശ്രീ. കെ. എം. ഷാജി
,, റ്റി. എ. അഹമ്മദ് കബീര്‍
,, പി. ബി. അബ്ദുള്‍ റസാക്
,, എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലെ വിശിഷ്യാ മെട്രോ നഗരങ്ങളിലെ വാഹനത്തിരക്കിന് പരിഹാരമായുള്ള പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ; എങ്കില്‍ വിശദമാക്കുമോ;

(ബി) മെട്രോ നഗരാതിര്‍ത്തിക്കുള്ളില്‍ നഗരത്തിന് പുറത്തുനിന്നുള്ള വാഹനങ്ങള്‍ക്ക് നിയന്ത്രണമേര്‍പ്പെടുത്തുകയും അതിനു പകരമായി നഗരപരിധിക്കുള്ളില്‍ കുറ്റമറ്റതും കാര്യക്ഷമവുമായ പബ്ലിക് ട്രാന്‍സ്പോര്‍ട്ട് സംവിധാനം ഏര്‍പ്പെടുത്തുകയും ചെയ്യുന്ന കര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കില്‍ ഇക്കാര്യം പരിഗണിക്കുമോ;

(സി) ഇതിനായി ജവഹര്‍ലാല്‍ നെഹ്റു ദേശീയ നഗര വികസന പദ്ധതി പ്രകാരമുള്ള വാഹനങ്ങള്‍ ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണിക്കുമേ?

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

<u>സർവ്വീസിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരുടെ കൺസോർഷ്യം</u>

*146 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, വി. ശിവൻകുട്ടി
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വീസിൽ നിന്ന് വിരമിച്ചവരിൽ വൈദഗ്ദ്ധ്യമുള്ള ഉദ്യോഗസ്ഥരുടെ കൺസോർഷ്യത്തെ ഒരു കമ്പനിയായി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) കമ്പനി രൂപീകരിക്കാൻ ശുപാർശ ചെയ്ത പ്ലാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സമിതിയുടെ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(ഡി) വിരമിക്കച്ചവരിൽ നിന്നു വൈദഗ്ദ്ധ്യം ഉള്ളവരെ കണക്കാക്കുന്നത് ഏത് മാനദണ്ഡപ്രകാരമായിരിക്കും; ഏതെല്ലാം നിലയിലുള്ള വൈദഗ്ദ്ധ്യമാണ് പരിഗണിക്കാനുദ്ദേശിക്കുന്നത്;

(ഇ) നിർദ്ദിഷ്ട കമ്പനി ഏത് വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലായിരിക്കും പ്രവർത്തിക്കുക; സർക്കാർ ഓഹരി പങ്കാളിത്തം എന്തു തുകയുടേതായിരിക്കും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

ടെലിവിഷൻ ചാനലുകളുടെ ആധിക്യവും നിലവാര തകർച്ചയും

*147 ശ്രീ. പി. കെ. ബഷീർ
,, വി. എം. ഉമ്മർ മാസ്റ്റർ
,, എൻ. ഷംസുദ്ദീൻ
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടെലിവിഷൻ ചാനലുകളുടെ ആധിക്യവും അതുമൂലമുള്ള കിടമത്സരവും പ്രക്ഷേപണം ചെയ്യുന്ന പരിപാടികളുടെ നിലവാരത്തെയും സാമൂഹ്യ പ്രതിബദ്ധതയെയും ദോഷകരമായി ബാധിക്കുന്നുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ക്രിമിനിൽ സംഭവങ്ങളെക്കുറിച്ചും രാഷ്ട്രീയ പ്രശ്നങ്ങളെക്കുറിച്ചും ചാനലുകളിലൂടെ നടക്കുന്ന നിലവാരമില്ലാത്ത മാധ്യമ വിചാരണ, നിഷ്പക്ഷമായ നീതിനിർവ്വഹണത്തിനും രാഷ്ട്രീയമാന്യതയ്ക്കും ആഘാതം ഏല്പിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(സി) പ്രസ്തുത പ്രശ്നങ്ങൾ പരിശോധിക്കാനും നിയമനടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ കേന്ദ്രഗവൺമെന്റിനു ശുപാർശ നല്കാനുമുള്ള മോണിറ്ററിംഗ് കമ്മിറ്റികൾ പുന:സംഘടിപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എത്രയും പെട്ടെന്ന് പുന:സംഘടിപ്പിച്ച് കർത്തവ്യനിർവ്വഹണത്തിന് സജ്ജമാക്കുമോ ?

**കേരള നിയമസഭ**
**21.01.2014–ലെ മറുപടിക്ക്**

<u>'നിതാഖത്ത്' നിയമംമൂലം ജോലി നഷ്ടപ്പെട്ട പ്രവാസികളുടെ പ്രശ്നങ്ങൾ</u>

*148 ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'നിതാഖത്ത്' നിയമംമൂലം സൗദി അറേബ്യയിൽനിന്നും ജോലി നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസികൾക്ക് ഏർപ്പെടുത്തിയ ക്ഷേമപദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇവരുടെ പുനരധിവാസത്തിനും വീണ്ടും വിദേശങ്ങളിൽ ജോലി ലഭിക്കുന്നതിന് പ്രഥമ പരിഗണന നല്കുന്നതിനും നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 21.01.2014-ലെ മറുപടിക്ക്

<u>ശ്രവണ വൈകല്യമുള്ള കുട്ടികളുടെ പുനരധിവാസം</u>

*149 ശ്രീ. സി. മമ്മൂട്ടി
,, എൻ. എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസാര-ശ്രവണ വൈകല്യമുള്ള കുട്ടികളുടെ പഠന, പുനരധിവാസത്തിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് എന്തൊക്കെ പ്രവർത്തനങ്ങളും പ്രോത്സാഹനങ്ങളുമാണ് നൽകുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് അവർക്കായി എന്തൊക്കെ പഠന പദ്ധതികളാണ് നടപ്പാക്കി വരുന്നത്; അവരുടെ വിഭിന്ന ശേഷി കണക്കിലെടുത്തു വിവിധ വിഷയങ്ങളിലെ പഠന നിലവാരത്തിൽ ഇളവുകൾ അനുവദിക്കാറുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(സി) നിർദ്ധനരായ കുട്ടികൾക്ക് എന്തെല്ലാം സൗജന്യങ്ങളാണ് അനുവദിച്ചിട്ടുള്ളത്; വിശദവിവരം നൽകാമോ;

(ഡി) ഇവർക്ക് സൗജന്യ ഹോസ്റ്റൽ സൗകര്യം നൽകുന്നുണ്ടോ; അതിനായി സ്ഥാപനത്തിന്റേതായ ഹോസ്റ്റൽ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഹോസ്റ്റൽ നിർമ്മിക്കുന്ന കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.01.2014–ലെ മറുപടിക്ക്

ഇടുക്കി പാക്കേജ്

*150 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, ഇ. പി. ജയരാജൻ
,, കെ. കെ. ജയചന്ദ്രൻ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയുടെ വികസനത്തിനായുള്ള 'ഇടുക്കി പാക്കേജ്' പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി നിർവ്വഹണം പൂർത്തിയാക്കേണ്ട കാലാവധി അവസാനിച്ചുവോ; ഇതിനിടയിൽ പാക്കേജിന് അനുവദിച്ച തുകയിൽ എത്ര തുക ചെലവഴിക്കുകയുണ്ടായി; പാക്കേജിന്റെ ഭാഗമായുള്ള അവശേഷിക്കുന്ന പ്രധാന പ്രവൃത്തികൾ എന്തെല്ലാമാണ്; ഇവ പൂർത്തിയാക്കാൻ എത്ര തുക ഇനിയും ആവശ്യമാണ്; വിശദമാക്കുമോ;

(സി) പ്രഖ്യാപിത പാക്കേജിലെ നിബന്ധനകൾ പ്രകാരം പദ്ധതികൾ ഫലപ്രദമായി പൂർത്തീകരിക്കാൻ സാധിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജനുവരി 12.

**<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>:** നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ് [ചട്ടം 47(1)].

'T' ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.